**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം- സാങ്കേതികവിഭാഗം- കണ്ണൂർ ജില്ല- കണ്ണൂർ നഗരസഭ- കണ്ണൂർ വില്ലേജ്- വാസഗൃഹ നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കണ്ണൂർ ടൗൺ പ്ലാനറുടെ 27.01.2021-ലെ TCPKNR/73/2021-C നമ്പർ കത്ത്.
2. ശ്രീ. അരവിലകത്ത് അയൂബ്, ആലിയാസ്, പെരിങ്ങാടി, കണ്ണൂർ എന്നിവരുടെ 18.01.2021-ലെ അപേക്ഷ.

---

**<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>**

**ഉത്തരവ്. നം. TCPCTP/285/2021/D3** തീയതി:**22/02/2021**

---

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭ പരിധിയിലുള്ള കണ്ണൂർ 1 വില്ലേജിൽ റീ സർവ്വേ നമ്പർ 704, 705/1 എന്നിവയിൽ ഉൾപ്പെടുന്ന 12,914 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 133.6 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിനുള്ള കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ അരവിലകത്ത് അയൂബ്, ആലിയാസ്, പെരിങ്ങാടി, കണ്ണൂർ എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-ചട്ടം 5 (6)(c)പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക വിധേയമായി കണ്ണൂർ മുനിസിപ്പാലിറ്റി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ (CRZ ഉൾപ്പെടെ) എൻ.ഒ.സി./ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, അളവുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമി ഉൾപ്പെടുന്നതല്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം കെ.എം.ബി.ആർ-2019 നും അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. കെ.എം.ബി.ആർ–2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭജലപോഷണ സംവിധാനം പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ടൗൺ പ്ലാനർ, കണ്ണൂർ

പകർപ്പ്:–

1. ശ്രീ. അരവിലകത്ത് അയൂബ്, ആലിയാസ് 170, പെരിങ്ങാടി, കണ്ണൂർ – 673312
2. സെക്രട്ടറി, കണ്ണൂർ നഗരസഭ.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം